LIBRARY ARCHIVES Kerala Legislative Assembly

റിയിലെ അംഗങ്ങളാരെല്ലാം; അവർ ഏതേത സമുദായങ്ങളെ പ്രതിനിധീകരിക്കുന്നു എന്നു പറയുമോ;

(ബി) ഈ കമ്മിറ്റിയിൽ പട്ടികവർഗ്ഗക്കാരുടെ പ്രതിനിധികളാരെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ ആരു?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ:)

(എ) ക. ശ്രീ. പി. എ. കാസിം (ചെയർമാൻ)
ഖ. ,, കെ. എസ്സ്. രാഘവൻ
ഗ. ,, എം. സി. തോമസ്
ഘ. ,, കെ. രാമുണ്ണിനായർ
ങ. ,, ജോർജ്ജ് തോമസ്, (സെക്രട്ടറി കൺവീനർ)

ആദ്യമെ ശ്രീ. തോമാസ് മാഞ്ഞൂരാനെയാണ് എടുത്തിരുന്നതു്. അതിനു പകരമാണ് ശ്രീ. ജോർജ്ജ് തോമസ്സിനെ എടുത്തിരിക്കുന്നതു്.

(ബി) ഇല്ല. പട്ടികജാതി വർഗ്ഗക്കാർക്ക് പ്രത്യേക പ്രാതിനിധ്യം ഉണ്ട്. ബാക്കി സമുദായങ്ങളിൽ ഏതെല്ലാം സമുദായക്കാർക്കാണ് പ്രാതിനിധ്യം കൊടുക്കേണ്ടതെന്നാണ് ആലോചിക്കുന്ന വിഷയം. ഇനി ഓരോ അംഗങ്ങളും ഏതേതു സമുദായത്തിൽപ്പെട്ടവരാണെന്നു വേണമെങ്കിൽ പറയാം.

ശ്രീ. പി. എ. കാസിം — മുസ്ലീം
,, കെ. എസ്സ്. രാഘവൻ — ഈഴവൻ
,, എം. സി. തോമസ് — ജാക്കോബൈറ്റ്
,, കെ. രാമുണ്ണിനായർ — നായർ
,, ജോർജ്ജ് തോമസ് — കത്തോലിക്കൻ

Sri. A. Chidambaranatha Nadar: May I know who is the member representing the communities that are scantily represented in the Government Service, in the Committee?

Sri. C. Kesavan: The Committee is not meant to give representation to all the communities. A list is being prepared with a view to find out the deficiency of representation of all communities—not of one community or other—in the public service and to make suggestions.

REST HOUSE

*227. (6) **Sri. D. Gnanasigamoni:** Will the hon. the Chief Minister be pleased to state:

(*a*) whether there is any proposal now pending consideration with Government for leasing out the Rest Houses in the State to any private company;

(*b*) if so, the name of the company; and

(*c*) at what stage is this proposal?

മുഖ്യമന്ത്രി (ശ്രീ. കേശവൻ): ഇതിനുള്ള ഉത്തരം നേരത്തെ പലപ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്.

റോഡ് കാൺക്രീറ്റ്

*൨൫൫. (൬) ശ്രീ. കുഞ്ഞൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ,—

(എ) ചേർത്തല കൺസർവൻസി ടൌൺ വിഭാഗത്തിൽ ഒരു മൈൽ റോഡ് കാൺക്രീറ്റ് ചെയ്തു ടാർഡ് റോഡ് ആക്കുന്നതാണെന്ന് ഗവൺമെൻറിൽ നിന്നും ഉദ്ദേശം ഒരു കൊല്ലത്തിനുമുമ്പെ പറഞ്ഞിട്ടില്ലേ;

(ബി) ഇതേവരെ അതു നടപ്പിലാക്കാത്തതു എന്തുകൊണ്ടാണ്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ഉണ്ടു്.

(ബി) പ്രസ്തുത റോഡു് ഇൻഡ്യാ ഗവണ്മെൻറിൻെറ സംരക്ഷണത്തിൽ ഇരിക്കുന്നതിനാൽ കാൺക്രീറു ചെയ്യിക്കേണ്ടതു് ഇൻഡ്യാ ഗവർമ്മെൻറിൽ നിന്നുമാണു്. ഈ വെസ്റ്റു് കോസ്റ്റു് റോഡിനെ സംബന്ധിച്ചു് Road Surfacing-നു് ഒരു എസ്റ്റിമേറു് ഇൻഡ്യാ ഗവർമ്മെൻറിലേക്കു് അയച്ചിട്ടുണ്ടു്. അതു് അനുവദിച്ചു വന്നിട്ടില്ല.

രോഗികൾക്കു ഭക്ഷണം

* 2. ഡോ. (വ) ശ്രീ. കുഞ്ഞൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ആശുപത്രികളിൽ രോഗികൾക്കു കൊടുക്കുന്നതിനു് ഇപ്പോൾ എത്രതരം (Varieties) ഭക്ഷണമാണു് ഏർപ്പെടുത്തിയിട്ടുള്ളതു്; ഓരോന്നിൻെറയും Ingredients എന്താണു്;

(ബി) ഇതിൽ ഏതുതരം ഭക്ഷണമാണു് സന്നിപാതജ്വരം, വയറുകടി, (Typhoid and dysentery) ഈവക രോഗങ്ങൾ ബാധിച്ചവർക്കു കൊടുക്കുന്നതു്; മിൽക്കുഡയറു് ആണെങ്കിൽ അതിൽ ചെറുവരിയോ ക്കുവപ്പൊടിയോ ചേർക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തു്;

(സി) ഡയബെറീസു് മുതലായ പ്രത്യേകതരം രോഗികൾക്കു് ഇപ്പോൾ നിലവിലിരിക്കുന്ന ഏതെങ്കിലും തരം ഭക്ഷണം പറ്റുന്നതാണോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ആശുപത്രികളിൽ രോഗികൾക്കു് കൊടുത്തുവരുന്ന ഡയറിൻെറ പരസ്യപ്പെടുത്തിയിട്ടുള്ള ഒരു പകർപ്പു് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(ബി) ഡയറു നിശ്ചയിക്കുന്നതു് രോഗികളെ ചികിത്സിക്കുന്ന ഡാക്ടറുടെ അഭിപ്രായപ്രകാരമാണു്.

(സി) ഡയബറീസു് മുതലായ പ്രത്യേകതരം രോഗങ്ങൾക്കു് പ്രത്യേക ഡയറു കൊടുക്കുന്നതിനു പ്രത്യേക വ്യവസ്ഥയുണ്ടു്.

പ്രൈവറു സ്കൂളുകളിലെ സഹായധനബില്ലുകൾ

* 3. ഡോ. (സ) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

പ്രൈവറുസ്കൂളുകളിലെ സഹായധനബില്ലുകൾ പാസ്സാക്കുന്നതിൽ താമസം വരുത്തുന്നതുകൊണ്ടു് അദ്ധ്യാപകന്മാർക്കു വലിയ വിഷമങ്ങൾ ഉള്ളതായി അറിയാമോ?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ഏ൯. എം. പൈലി):

ബില്ലുകൾ പാസ്സാക്കുന്ന കാര്യത്തിൽ താമസം നേരിടുന്നതുകൊണ്ടു് അദ്ധ്യാപകന്മാർക്കു വലിയ വിഷമമുണ്ടെന്നു ഗവണ്മെൻറിനറിയാം. അങ്ങിനെ താമസം നേരിടാതിരിക്കുന്നതിനു വേണ്ടതു ചെയ്യുന്നതാണു്.

ശ്രീ. അലക്സാണ്ടർ വാകയിൽ: കഴിഞ്ഞവർഷത്തിൽ പല സ്കൂളുകളിലേയും ഗ്രാൻറു ബില്ലുകൾ പാസ്സാക്കിയിട്ടില്ലെന്നു പരാതികൾ ഗവണ്മെൻറിൻെറ അടുക്കൽ വന്നിട്ടുള്ളതായി അറിയാമോ?

‡ See Appendix I—Page 455—456

LIBRARY ARCHIVES Kerala Legislative Assembly